# തെരഞ്ഞെടുപ്പ് പ്രതികരണങ്ങൾ

## അഡ്വ.കാളീശ്വരം രാജ്

വരും നൂറ്റാണ്ടുകൾക്കുവേണ്ടിയുള്ള നിയമംപോലെ പ്രധാനമാണ് വരും കാലങ്ങൾക്കായുള്ള രാഷ്ട്രീയവും. പരമ്പരാഗതരാഷ്ട്രീയം അവസാനിക്കുന്നിടത്താണ് പരിസ്ഥിതി രാഷ്ട്രീയം ആരംഭിക്കുന്നത്. കേരളം പോലെ പാരിസ്ഥിതികമായി ദുർബലമായിക്കഴിഞ്ഞ പ്രദേശത്തിന് ഇനിയും 'വികസിക്കാൻ' സാധ്യമല്ല. പരിമിതമായ പ്രകൃതിയിൽ അപരിമിതമായ വികസനവും അനന്തമായ വളർച്ചയും സാധ്യമല്ല. ഇനിയും നമുക്ക് ഇടിച്ചുകളയാൻ കുന്നുകളില്ല; നികത്തുവാൻ വയലേലകളില്ല. നശിപ്പിക്കുവാൻ കാടുകളും ഇല്ല.

ബാക്കിയുള്ള ആവാസ വ്യവസ്ഥകളെയും ജൈവസമൂഹങ്ങളേയും പരിരക്ഷിക്കുക. കുറഞ്ഞ പ്രകൃതി ചൂഷണത്തിലൂടെ എങ്ങനെകൂടുതൽ സന്തോഷവും സ്വാസ്ഥ്യവും നേടാൻ കഴിയും എന്നാലോചിക്കുക- ഇതെല്ലാമാണ് വരാൻ പോകുന്ന കാലത്തിന്റെ രാഷ്ട്രീയ അജൻഡകൾ. ജർമ്മനിയിലെ ഗ്രീൻ പ്രസ്ഥാനക്കാർ പറയുമായിരുന്നു. "ഞങ്ങൾ ഇടത്തല്ല; വലത്തുമല്ല, മുൻപോട്ടു നീങ്ങുന്ന പക്ഷമാണ്" എന്ന്. കാലഹരണപ്പെട്ട ഇടതുപക്ഷത്തിനും വലതുപക്ഷത്തിനും പകരമായി "ആഗോളതലത്തിൽ ചിന്തിക്കുകയും പ്രാദേശിക തലത്തിൽ പ്രവർത്തിക്കുകയും" ചെയ്യുന്ന ചെറുഗ്രൂപ്പുകൾ ഇനിയെങ്കിലും മുഖ്യധാരാ രാഷ്ട്രീയത്തിലും തിരഞ്ഞെടുപ്പുകളിലും ഇടപെടുകതന്നെ വേണം.

ഇത് ഒരു ആഗ്രഹചിന്തയല്ല; മറിച്ച് സംസ്ഥാനത്തിന്റെ അനിവാര്യതയാണ്. 'വികസന'ത്തിന്റെ ഇരകൾ നമ്മുടെ രാഷ്ട്രീയത്തിൽ പുതിയൊരു 'വിക്ടിമോളജി' സൃഷ്ടിച്ചിരിക്കുന്നു. 'വികസനം' പുതിയ പാരിസ്ഥിതിക ഇരകളെ ഉണ്ടാക്കിയിരിക്കുന്നു. ഇരകൾക്കും വേട്ടക്കാർക്കുമിടയിൽ പാരിസ്ഥിതികമായ വർഗസമരങ്ങൾ അദൃശ്യമെങ്കിലും ശക്തമായി ഉരുത്തിരിഞ്ഞുവരുന്നു. അതുകൊണ്ട് കുഞ്ഞനും മേരി ഫ്രാൻസിസും നാളെയുടെ രാഷ്ട്രീയത്തിന്റെ ചെറുതെങ്കിലും പ്രസക്തമായ സൂചനകളാകുന്നു.

## സാറാ ജോസഫ്

അരികുകളിൽ നിന്ന ചീവിടുകളുടെ ശബ്ദം കേൾക്കാൻ ആരംഭിച്ചിരിക്കുന്നു. അത് പലരെയും അലോസരപ്പെടുത്തും -സാറാ ജോസഫ് പറയുന്നു. തൃശൂർ ലോകസഭാ മണ്ഡലത്തിലെ പൗരമുന്നേറ്റം സ്ഥാനാർത്ഥി കുഞ്ഞൻപുലയന്റെ തെരഞ്ഞെടുപ്പ് കൺവെൺഷനിൽ സംസാരിക്കുകയായിരുന്നു അവർ. യഥാർത്ഥ ഇരകൾ തെരഞ്ഞെടുപ്പ് നിരയിലേക്ക് കടന്നുവരാൻ തുടങ്ങിയിരിക്കുന്നതാണെന്നവർ പറഞ്ഞു. മുല്ലപ്പിള്ളിയലും മുരിയാടും മറ്റും അതാണ് കാണുന്നത്.

നമ്മുടെ ജനാധിപത്യം അതുവഴി പക്വമാകുകയാണ്. പ്ലാച്ചിമട, എരയാംകുടി, ചെങ്ങറ, അതിരപ്പിള്ളി, ചക്കംകണ്ടം തുടങ്ങി കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ, ജനിച്ച മണ്ണിൽ ജീവിക്കാൻ വേണ്ടി പോരാടുന്നവരുടെ യഥാർത്ഥ പ്രതിനിധിയാണ് കുഞ്ഞൻ പുലയൻ. മുതലാളിത്തത്തിന്റെ മുഴുവൻ ജീർണ്ണതയും ബാധിച്ചിരിക്കുന്ന ഈ ഇടതുപക്ഷ ങ്ങൾക്ക് ഈ മുന്നേറ്റത്തിന്റെ രാഷ്ട്രീയപ്രാധാന്യം തിരിച്ചറിയാൻ കഴിയാത്തതിൽ അത്ഭുതമില്ല. അഴിമതിയും, വർഗ്ഗീയതയും ഇടതുപക്ഷ കൂടാരങ്ങളെ തകർത്തുകൊണ്ടിരിക്കുകയാണെന്നും അവർ പറഞ്ഞു.

## അജിത

കുഞ്ഞൻ പുലയൻ തിരഞ്ഞെടുപ്പു ചർച്ചകളിലേക്ക് കടന്നുവന്നിരിക്കുകയാണ്. സ്ത്രീകളും ദളിതരും സമാനമായ പ്രശ്നങ്ങളാണ് നേരിടുന്നത്. തങ്ങളുടെ സ്ഥാനാർത്ഥിപട്ടികയിൽ 33% സ്ത്രീസംവരണം കൊണ്ടുവരാൻ പോലും വിപ്ലവപാർട്ടികൾ തയ്യാറല്ല. പ്രതിപക്ഷനേതാവായിരുന്നപ്പോൾ ഏറ്റെടുത്തിരുന്ന പ്രശ്നങ്ങൾ വി.എസ് അച്ചുതാനന്ദൻ ഇപ്പോൾ വിഴുങ്ങുകയാണ്. അദ്ദേഹം ഇപ്പോൾ അഴിമതിക്കാരുടെ തടവറയിലാണ്. ഭൂമിയുടെ മേലുള്ള അവകാശത്തിനും സംരക്ഷണത്തിനുമായി എറണാകുളത്തെ മൂലമ്പിള്ളിയിൽ മേരി ഫ്രാൻസിസിന്റെയും, തൃശൂർ മുരിയാട് സമരപോരാളി കുഞ്ഞൻ പുലയന്റേയും സ്ഥാനാർത്ഥിത്വമാണ് ഈ തിരഞ്ഞെടുപ്പിന് ശ്രദ്ധേയമാക്കുന്നതു.